# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 304

## (29.06.2016 ലെ മറുപടിക്ക്)

## മാന്നാർ പ്രദേശത്ത് സബ് ട്രഷറി

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ**

**ഡോ. തോമസ് ഐസക്**
**(ബഹു. ധനകാര്യവും കയറും വകുപ്പ മന്ത്രി)**

| | | |
|---|---|---|
| (എ) | ചെങ്ങന്നൂർ താലൂക്കിലെ മാന്നാറിൽ സബ് ട്രഷറിയ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | മാന്നാർ സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ.ഉ. (സാധാ) നം. 2982/2012/ത.സ്വ.ഭ.വ തീയതി 31.10.2012 പ്രകാരം ഏട്ടര സെന്റ് സ്ഥലം ട്രഷറി വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് സർക്കാർ വകയിരുത്തിയിട്ടുണ്ടോ; | ഇല്ല |
| (സി) | സബ് ട്രഷറിയ്ക്ക് ആവശ്യമായ സ്ഥലവും സർക്കാർ ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ കെട്ടിടം പണി വൈകുന്നതിനുള്ള കാരണം എന്താണെന്ന് വിശദീകരിക്കുമോ; | 27.01.2011 ലെ സ.ഉ. (സാധാ) നം. 613/2011/ധന ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയതും എന്നാൽ ഇൻകെൽ ഉപേക്ഷിച്ചതുമായ പദ്ധതികളിൽ ഉൾപ്പെട്ടതാണ് ഇതും. ഇൻകെൽ ഉപേക്ഷിച്ചതും പുതുതായി തുടങ്ങുന്നതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനും ട്രഷറി കെട്ടിട നിർമ്മാണം സംബന്ധിച്ച് വസ്തുനിഷ്ഠമായി പഠിച്ച് കൃത്യവും വ്യക്തവുമായ ശുപാർശ ലഭ്യമാക്കാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തെ |

| | | |
|---|---|---|
| | | One Time ACA Scheme -ൽ ഉൾപ്പെടുത്തി ട്രഷറി വകുപ്പിന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ശുപാർശയിൽ മാന്നാർ സബ് ട്രഷറി ഉൾപ്പെട്ടിരുന്നുവെങ്കിലും സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തോടുകൂടി ടി ശുപാർശ ട്രഷറി വകുപ്പ് സർക്കാരിലേക്ക് സമർപ്പിച്ചത് തെരെഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനു ശേഷവും 2015-16 സാമ്പത്തിക വർഷം അവസാനിക്കാറായപ്പോഴുമായിരുന്നു. അക്കാരണത്താൽ പ്രസ്തുത ശുപാർശ പരിഗണിയ്ക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | പ്രസ്തുത സബ് ട്രഷറിയുടെ കെട്ടിടം പണിക്ക് മറ്റെന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

**സെക്ഷൻ ഓഫീസർ**